For circulation among believers only

# തീക്ഷ്ണത

## ആത്മീക പുതുക്കത്തിന്

വാല്യം - 1 | ലക്കം - 5 | മെയ് 2010

RNI Reg No. **KERMAL/2009/31779**
Annual Subscription Rs. 50

If undelivered, please return to
**Renewal Athmika Puthukkathine**
PB No. 2665, Broadway,
Ernakualm, Cochin 682 031

# ക്രിസ്തീയ പ്രവർത്തകർക്കു നേരെ ആക്രമണം

ഇക്കഴിഞ്ഞ ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ ക്രിസ്തീയ പ്രവർത്തകർക്കും പ്രവർത്തനങ്ങൾക്കും എതിരെ ആക്രമണവും ശക്തമായ എതിർപ്പുകളും ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഏപ്രിൽ 15-ാം തീയതി ഛത്തീസ്ഘട്ടിലെ ഭിലായിൽ ലഘുലേഖ വിതരണത്തിനായി കടന്നു പോയ യുവ സഹോദരന്മാരെ സുവിശേഷ വിരോധികളായ ചിലർ ചേർന്ന് വളഞ്ഞ് വെച്ച് മർദ്ദിച്ചു. വിവരം അറിഞ്ഞ് സംഭവസ്ഥലത്തെത്തിയ സുവി. ഷാലു റ്റി. നൈനാനും മർദ്ദനത്തിനിരയായി. പിന്നീട് പോലീസ് വന്ന് സഹോദരന്മാരെ സ്റ്റേഷനിലേക്ക് കൊണ്ടു പോയി. തുടർന്ന് സുവിശേഷവിരോധ സംഘടനകളുടെ നേതാക്കൾ ഇടപ്പെട്ട് സഹോദരന്മാരായ അമിത്, അലക്സ്, രവി, സാമുവൽ എന്നിവരെ അറസ്റ്റ് രേഖപ്പെടുത്തി ജയിലിലേക്ക് മാറ്റി. നിർബന്ധിത മതപരിവർത്തനത്തിന് ശ്രമിച്ചു എന്ന കുറ്റം ആരോപിച്ചാണ് ഇവരെ അറസ്റ്റ് ചെയ്തത്. പിറ്റേന്ന് ജാമ്യം നേടിയെടുക്കുവാനായി നടന്ന ശ്രമങ്ങളൊന്നും വിജയിച്ചില്ല. ശനി, ഞായർ അവധി ദിവസങ്ങൾ കഴിഞ്ഞ് വീണ്ടും ജാമ്യ അപേക്ഷ നൽകിയപ്പോൾ ചില സാങ്കേതിക തടസങ്ങൾ പറഞ്ഞ് ജാമ്യം വീണ്ടും നിഷേധിച്ചു. അവസാനം ഒരാഴ്ച കഴിഞ്ഞാണ് സഹോദരന്മാർക്ക് പുറത്തിറങ്ങുവാനായത്.

**മദ്ധ്യപ്രദേശിലെ ബേതുൾ ജില്ലയിൽ നടന്ന ക്രിസ്ത്രീയ സമ്മേളനത്തിൽ ആക്രമണമുണ്ടായതിനെ തുടർന്ന് വേദ വിദ്യാർത്ഥിയായ അമിത് ഗിൽബർട്ട് (23) കിണറ്റിൽ വീണു മരിച്ചു. അക്രമി സംഘത്തിലെ 9 പേരെ അറസ്റ്റു ചെയ്തു.**

അന്നേ ദിവസം തന്നെ പാലക്കാട് ജില്ലയിലെ എടത്തറയിൽ നടന്ന പ്രവർത്തനത്തിനും ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ സഭയിലെ സഹോദരന്മാർ വിവിധ സഭകളിലെ സുവിശേഷ തൽപ്പരരായ യുവ സഹോദരന്മാരെ സംഘടിപ്പിച്ച് വിവിധ സ്ഥലങ്ങളിൽ ഒഴിവു ദിവസങ്ങളിൽ ഭവന സന്ദർശനം, ലഘുലേഖ വിതരണം എന്നീ പ്രവർത്തനങ്ങൾ



*സഹോ. അലക്സാണ്ടർ, ഷാലു ടി. നൈനാൻ (നിൽക്കുന്നത്), രവി, അമിത്, സാമുവൽ*

നടത്താറുണ്ട്. വിഷുദിനമായ ഏപ്രിൽ 15ന് പാലക്കാട് ജില്ലയാണ് പ്രവർത്തനത്തിനായി തെരഞ്ഞെടുത്തത്. പാലക്കാട് ടൗണിൽ നിന്ന് 5 കി.മി. മാറി എടത്തല, പറളി എന്നീ ഗ്രാമങ്ങളിലേക്ക് 45ഓളം സഹോദരന്മാർ പ്രവർത്തനത്തിനായി കടന്നുപോയി. 11 മണിയോടടുക്കുന്ന സമയത്ത് എടത്തല വായനശാല ജംഗ്ഷനിൽ വെച്ച് ചിലർ രണ്ട് സഹോദരന്മാരെ തടഞ്ഞ് വെച്ച് ചോദ്യം ചെയ്തു. സംഭവം അറിഞ്ഞ് പല സ്ഥലങ്ങളിലേക്ക് പോയ സഹോദരന്മാർ വായനശാല ജംഗ്ഷനിലേക്ക് എത്തി. അപ്പോഴേയ്ക്കും സുവിശേഷ വിരോധികളായ ഒരു പറ്റം ആൾക്കാരും സ്ഥലത്തെത്തിയിരുന്നു. ഇവർ സഹോദരന്മാരുടെ കൈയ്യിൽ നിന്നും ലഘുലേഖകളും, പുതിയനിയമ പ്രതികളും വാങ്ങിച്ച് തീയിട്ട് കത്തിച്ചു. സഹോദരന്മാർ കുടിക്കുവാൻ കൈയ്യിൽ കരുതിയിരുന്ന വെള്ളം വാങ്ങിച്ചെടുത്ത് എല്ലാവരെയും എരിവെയിലിൽ അനേക സമയം നിർത്തുകയും, അസഭ്യം പറയുകയും ചെയ്തു. പിന്നീട് പോലീസെത്തി എല്ലാവരെയും സ്റ്റേഷനിലേക്ക് കൊണ്ടുപോയെങ്കിലും അധികം താമസിയാതെ "മേലിൽ ഇവിടെ സുവിശേഷ പ്രവർത്തനം നടത്തരുത്" എന്ന താക്കീത് നൽകി വിട്ടയച്ചു.

ഈ സംഭവങ്ങൾ കഴിഞ്ഞ് രണ്ടാം ദിവസം പെരുമ്പാവൂർ കുറുപ്പംപടിയിലും സമാന സംഭവങ്ങൾ അരങ്ങേറി. വൈ.എം.ഇ.എഫ്. പ്രവർത്തനം നടന്നുകൊണ്ടിരിക്കെ സഘാംഗങ്ങളായ സുവി. ടിങ്കിൾ പോൾ, ജോൺസൻ ഡാനിയേൽ എന്നിവർക്കും സുവിശേഷ വിരോധികളുടെ മർദ്ദനം ഏൽക്കേണ്ടി വന്നു. ഗുരുതരമായി പരിക്കേറ്റ സുവിശേഷകൻ ടിങ്കിൾ പോൾ ഇപ്പോഴും സൗഖ്യം പ്രാപിച്ചിട്ടില്ല. മുഖത്ത് അടിയേറ്റതിനെ തുടർന്ന് വായ്ക്കകത്ത് സാരമായ മുറിവുണ്ടായി. പുറത്തും മർദ്ദനം ഏറ്റതിനാൽ അതിന്റെ വേദനയും തുടരുന്നു. വലത്തെ ചൂണ്ടുവിരലിനും സാരമായ പരിക്കുണ്ട്. സഹോ. ജോൺസൻ ഡാനിയേലിനെ തെങ്ങിൻ മടലുകൊണ്ടാണ് സുവിശേഷ വിരോധികൾ നേരിട്ടത്.

**കർണ്ണാടകയിൽ 2008 സെപ്റ്റംബർ 14ന് 12 പള്ളികൾക്കു നേരെ ആക്രമമുണ്ടായതിനു ശേഷം കഴിഞ്ഞ ജനുവരി വരെ ക്രിസ്ത്യാനികൾക്കെതിരായി 1000 ഓളം അക്രമ സംഭവങ്ങൾ കർണ്ണാടകയിൽ ഉണ്ടായതായി റിട്ട. ജസ്റ്റിസ് മൈക്കിൾ സൽദാനാ പ്രസ്താവിച്ചു.**

സഹോദരനും ശാരീരിക വേദനയിലൂടെ കടന്നുപോകുന്നു.

സുവിശേഷത്തിന് എതിരായ ശക്തമായ നീക്കങ്ങളാണ് ഈ കാലയളവിൽ നടക്കുന്നത് എന്ന് തെളിയിക്കുന്നതാണ് ഈ സംഭവങ്ങൾ. നോർത്ത് ഇന്ത്യയിലും, കർണാടകയിലും ഇപ്പോൾ കേരളത്തിലും ഈ ശക്തികൾ പ്രബലപ്പെട്ടു കൊണ്ടിരിക്കുകയാണ്. സുവിശേഷ വിരോധികളിൽ നിന്ന് മാത്രമല്ല ചില അധികാര കേന്ദ്രങ്ങളിൽ നിന്നും സുവിശേഷത്തിന് എതിരായ നീക്കങ്ങൾ ശക്തിപ്പെട്ടിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ മദ്ധ്യതിരുവിതാംകൂറിലെ ഒരു സഭയുടെ ആഭിമുഖ്യത്തിൽ നടന്ന കൺവെൻഷന് മൈക്ക് ഉപയോഗിക്കുവാനുള്ള അനുവാദത്തിനായി ചെന്ന സഹോദരന്മാരോട് കൺവെൻഷന് പ്രസംഗിക്കുന്ന സുവിശേഷകന്റെ ഫോട്ടോ അടക്കമുള്ള വിശദാംശങ്ങൾ നൽകിയതിനു ശേഷമാണ് അനുവാദം നൽകിയത്. ഈ സംഭവങ്ങൾ വിളിച്ചോതുന്നത് ദൈവജനം ജാഗ്രതയോടെ സുവിശേഷ പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കും വേണ്ടി നിരന്തരമായി പ്രാർത്ഥിക്കണമെന്നതാണ്.

## ബീഹാറിൽ സുവിശേഷകൻ കൊല്ലപ്പെട്ടു

ബീഹാർ - മുഗേർ ജില്ലയിലെ ജമാൽപൂരിൽ പ്രവർത്തിക്കുന്ന സുവിശേഷകൻ രവിമുർമു (33) അതിദാരുണമായി കൊല്ലപ്പെട്ടു. മെയ് രണ്ട് ഞായറാഴ്ച വൈകിട്ട് പരസ്യവേലയോടനുബന്ധിച്ച് ജീസസ് ഫിലിം പ്രദർശനത്തിനു ശേഷം ഭവനത്തിലേക്ക് മടങ്ങിയ സഹോദരനെ പിറ്റേന്ന് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തുകയായിരുന്നു.

സൗമ്യനും, സുവിശേഷ പ്രവർത്തനങ്ങൾക്ക് നല്ല ഉത്സാഹവുമുള്ള സഹോദരന്റെ കൊലയ്ക്കു പിന്നിലെ ഉദ്ദേശം ദുരൂഹമായി തുടരുന്നു. കൊല്ലപ്പെട്ട അന്ന് ഫിലിം പ്രദർശനത്തിനു ശേഷം കൂട്ടു സഹോദരർ ഓരോരുത്തരുടെയും ഭവനത്തിലേക്ക് പിരിഞ്ഞു. രവി മുർമുവും തന്റെ ബൈക്കിൽ പോകും വഴിയാണ് അരുംകൊല നടന്നത്. വലതുകരവും കഴുത്ത് പകുതിയോളവും അറുത്ത നിലയിലായിരുന്നു. ബൈക്കും, മൊബൈലും, പേഴ്സും ഒന്നും നഷ്ടപ്പെടാത്തതുകൊണ്ട് കൊള്ളയല്ല കൊലയ്ക്കു പിന്നിലെ ഉദ്ദേശമെന്ന് വിലയിരുത്തപ്പെടുന്നു.

ജാർഗണ്ടിലെ സഹിബുഗുഞ്ചിൽ സുവിശേഷ വേല ചെയ്യുന്ന ശൈലേന്ദ്ര മുർമുവിന്റെ സ



*സുവി. രവി മുർമ്മു ഭാര്യ റിങ്കു മകൾ റിയ*

ഹോദരനാണ് രവി. സുവി. യുനസ് മണ്ടലിന്റെ പ്രവർത്തനം മുഖാന്തരം മുന്നോട്ട് വന്നവരാണ് മുർമു കുടുംബം. കൊലപാതകികളെ കുറിച്ച് പോലീസ് അന്വേഷിക്കുന്നുണ്ടെങ്കിലും ഇതുവരെയും ഒരു തുമ്പും പോലീസിനു ലഭിച്ചിട്ടില്ല.

സുവിശേഷകൻ രവി മുർമുവിന്റെ ദാരുണമായ അന്ത്യം ദൈവജനത്തിന്റെ മനസിൽ വലിയ ഭീതിയാണ് വിതച്ചിരിക്കുന്നത്. എന്താണ് കൊലയ്ക്കു പിന്നിലെ ഉദ്ദേശമെന്ന് അറിയാത്തതിനാലും വലിയ ആശയകുഴപ്പത്തിലാണ് ബിഹാറിലെ വിശ്വാസികളും ബന്ധുക്കളും. രവി മുർമുവിന്റെ ഭാര്യ റിങ്കു മകൾ റിയ (8 വയസ്).

# വൈ.എം.ഇ.എഫ് ടീം രാജസ്ഥാനിൽ നിന്ന് മടങ്ങി

വൈ.എം.ഇ.എഫ് നോർത്ത് ഡിവിഷൻ രാജസ്ഥാനിലെ പ്രവർത്തനങ്ങൾക്കു ശേഷം കേരളത്തിലേക്ക് മടങ്ങിയെത്തി. 2009 അവസാനം അതിശൈത്യത്താൽ നിർത്തിവെച്ചിരുന്ന പ്രവർത്തനം 2010 ഫെബ്രുവരി ഒന്നിനാണ് പുനഃരാരംഭിച്ചത്. രണ്ടാം ഘട്ടം ശ്രീഗംഗാനഗർ, 9 എൽ.പി.എം., പൊഖറാൻ, ജയ്സമീർ, ഹനുമാൻഘട്ട് എന്നീ ജില്ലകളിലാണ് നടന്നത്.
അതികഠിനമായ ചൂടിനെയും മണൽകാറ്റിനെയും അതിജീവിച്ചാണ് ടീം അംഗങ്ങൾ രണ്ടാം ഘട്ടം പൂർത്തീകരിച്ചത്. ഗോതമ്പിന്റ വിളവെടുപ്പുകാലമായ ഇപ്പോൾ 45 ഡിഗ്രിയിലേറെയാണ് അവിടുത്തെ താപനില.



*ഹനുമാൻഘട്ടിൽ സുവിശേഷം കേൾക്കുവാൻ കൂടിയ ഗ്രാമവാസികൾ*

ഗ്രാമങ്ങൾ സന്ദർശിച്ച് പരസ്യയോഗം, ലഘുലേഖ, ബൈബിൾ വിതരണം എന്നിവയും, താൽപര്യമുള്ളവരോട് വ്യക്തിപരമായി സംസാരിക്കുകയും ചെയ്യുന്ന രീതിയിലാണ് ടീമിന്റെ പ്രവർത്തനങ്ങൾ നടന്നത്. കഴിഞ്ഞ മൂന്നു മാസത്തെ പ്രവർത്തനത്തിനിടയിൽ ചില സ്ഥലങ്ങളിലെ ചെറിയ എതിർപ്പുകൾ ഒഴിച്ചാൽ കാര്യമായ എതിർപ്പുകളൊന്നും ഇത്തവണ ടീമിന് നേരിടേണ്ടി വന്നില്ല. എന്നാൽ ഓരോ ഗ്രാമത്തിലും തദ്ദേശിയരുടെ പിന്തുണയും സഹകരണവും വളരെ ലഭിച്ചതായി ടീം അംഗങ്ങൾ പറഞ്ഞു.

നാലുപേരടങ്ങുന്ന മൂന്ന് ടീം ആണ് മൂന്നു മാസങ്ങളിലായി അവിടെ പ്രവർത്തിച്ചത്. കൂടാതെ അതാത് സ്ഥലത്തെ സുവിശേഷകരും, വിശ്വാസികളും പ്രവർത്തനത്തിൽ സഹകരിച്ചു. സി.ജെ. മത്തായി (തൃശൂർ), വർഗ്ഗീസ് (തൃശൂർ), കെ.എസ്. ജോർജ്ജ് (തൃശൂർ), പ്ലൂട്ടോ (എറണാകുളം), പി.വി. ജോണി (അങ്കമാലി), പി.എ. ഡേവിഡ് (തൃശൂർ), പി.എസ്. എബ്രഹാം (വെച്ചുചിറ), പി.വി. പൗലോസ് (കർണ്ണാടക), എം.സി. ജോർജ്ജ് (തൃശൂർ), ജോൺ റ്റി.എ. (തൃശൂർ), റ്റി.എ. ജോസ് (കൂത്താട്ടുകുളം), ജെയ്മോൻ കെ.ആർ (കൂത്താട്ടുകുളം) എന്നിവരാണ് കേരളത്തിൽ നിന്ന് പോയി പ്രവർത്തിച്ചത്. അവിടെ പ്രവർത്തിക്കുന്ന ദർശൻ സിംഗ് (ശ്രീഗംഗാനഗർ) തോമസ് മാത്യു (പൊഖ്റാൻ), പി.ബി. സാമുവൽ (ഹനുമാൻഘട്ട്) മുരളീധരൻ നായർ (ജോധ്പൂർ) തുടങ്ങിയവരും അവിടെ നിന്നുള്ള വിശ്വാസികളും ടീമിനൊപ്പം പല സമയങ്ങളിലായി പ്രവർത്തിച്ചു.

ടീം പ്രവർത്തിച്ച മേഖലകളിലൊക്കെ ഒരു ആത്മീയ ചലനം ഉണ്ടാകുവാൻ ഇടയായി. ചില സ്ഥലങ്ങളിൽ ബൈബിൾ സ്റ്റഡി ആരംഭിക്കുകയും, അതാത് സ്ഥലം സഭകൾക്ക് അനേകരെ അന്വേഷകരായി ലഭിക്കുകയും ചെയ്തു. കൂടാതെ ചിലർ രക്ഷിക്കപ്പെട്ട് സ്ഥലം സഭയോട് ചേരുകയും ചെയ്തു.

ഇനിയുള്ള രണ്ട് മാസങ്ങൾ രാജസ്ഥാനിലെ താപനില അതികഠിനമാണ്. മരുഭൂമി ചുട്ടുപഴുക്കുമ്പോൾ അവിടെ പാകിയിരിക്കുന്ന സുവിശേഷത്തിന്റെ വിത്ത് മുളച്ചു വരുവാൻ ദൈവജനം പ്രാർത്ഥിക്കുക.

*അവസാന ആഴ്ചയിൽ ടീമനോടൊപ്പം പ്രവർത്തിച്ച സഹോ. റജി മാത്യു (അങ്കമാലി) വിന്റെ റിപ്പോർട്ടോടെ.*

## ചിൽഡ്രൻസ് ക്ലബ്ബ്



# വികൃത പാവ

ടെറസിൽ നിന്ന് ജെറി മുകളിലൂടെ പറക്കുന്ന പക്ഷികളെ നോക്കികൊണ്ടു നിൽക്കുമ്പോൾ താഴെ തന്റെ വീടിനോട് ചേർന്നു നിൽക്കുന്ന കൊച്ചു വീടിന്റെ മുറ്റത്തേയ്ക്കും ഒന്നു നോക്കി. ബാബു അവൻ വികൃതമായ ഒരു പാവയും കൈയ്യിൽ വെച്ച് കളിക്കുകയാണ്. എപ്പോഴും അവന്റെ കൈയിൽ ആ പാവയെ കാണാം. വൃത്തിയില്ലാത്ത ആ പാവയെ അവൻ തെരുതെരെ മുത്തം കൊടുക്കുന്നതും കാണാം. വല്ലപ്പോഴുമെ അവൻ സ്കൂളിൽ പോവുകയുള്ളൂ. പഠിക്കുവാനുള്ള ബുദ്ധിയില്ലെന്ന് തോന്നുന്നു. അവന് അച്ഛനില്ല. അമ്മയും, ഒരു സഹോദരിയും മാത്രം. രാവിലെ അവർ രണ്ടുപേരും വീട്ടുവേല ചെയ്യുവാൻ പോകും. പിന്നെ ഇവൻ ഒറ്റയ്ക്കാണ്. സ്കൂൾ ഉള്ള ദിവസങ്ങൾ അവന് തോന്നിയാൽ പോകും. അല്ലെങ്കിൽ ആ വൃത്തികെട്ട പാവയുമായി കളിച്ചിരിക്കും.

ഇങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ ജെറിക്ക് ഒരു തമാശ തോന്നി. ഒരു ചെറിയ കല്ലെടുത്ത് പതുക്കെ ബാബുവിന്റെ നേർക്ക് എറിഞ്ഞു. കൃത്യമായി അവന്റെ തലയ്ക്കു തന്നെ കൊണ്ടു. തല തടവികൊണ്ട് ബാബു എല്ലായിടവും നോക്കുകയാണ്. അവന്റെ ആ മുഖഭാവം കണ്ടപ്പോൾ ജെറിക്ക് ചിരി അടക്കുവാൻ കഴിഞ്ഞില്ല. "ഇവനെ പൊട്ടുകളിപ്പിക്കാൻ നല്ല രസമാണ്" ഉള്ളിൽ ചിരിച്ചു കൊണ്ട് ജെറി താഴേയ്ക്കു പോയി.

അല്പം കഴിഞ്ഞ് താഴെ ജെറി ചെടികൾക്ക് വെള്ളം നനച്ച് നിൽക്കുമ്പോൾ, അതാ മതിലിന് മുകളിൽ ബാബുവിന്റെ വൃത്തികെട്ട പാവ. ജെറി പതുക്കെ അതിനടുത്ത് വന്നിട്ട് മതിലിന് അപ്പുറത്തേയ്ക്ക് എത്തിനോക്കി. പാവയെ വെച്ചിട്ട് ബാബു തിരിഞ്ഞ് നിന്ന് എന്തോ ചെയ്യുകയാണ്. ഇതുതന്നെ അവസരം ആ പാവയെ ശബ്ദം ഉണ്ടാക്കാതെ ജെറി എടുത്തു. എന്നിട്ട് ഓടി ടെറസിന്റെ മുകളിൽ എത്തി. താഴെ നോക്കുമ്പോൾ ബാബു പാവയെ പരതുകയാണ്. എങ്ങി വലിഞ്ഞ് മതിലിനിപ്പുറത്തേക്ക് നോക്കുന്നുണ്ട്. താഴെ അടുക്കിവെച്ചിരിക്കുന്ന വിറകുകൾ തട്ടിമാറ്റി അവിടെയും അന്വേഷിക്കുകയാണ് തന്റെ പാവയെ. ജെറി അവന്റെ മുഖത്തേക്ക് നോക്കിയപ്പോൾ കണ്ണുകളിലൂടെ കണ്ണുനീർ ഒഴുകുന്നു. ഇത്രയും കണ്ടപ്പോൾ ജെറിക്ക് ചിരിയടക്കുവാൻ കഴിഞ്ഞില്ല. അവൻ ശബ്ദം ഉണ്ടാക്കാതെ വാപൊത്തി ചിരിക്കുവാൻ തുടങ്ങി. അല്പം കഴിഞ്ഞ് ജെറി ടെറസിന്റെ ഒരു കോണിൽ ആവശ്യമില്ലാത്ത വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നതിന്റെ ഇടയിലേക്ക് ബാബുവിന്റെ പാവയെ തിരുകിവെച്ചു. ഈ പൊട്ട പാവയില്ലാതെ അവൻ എന്തു ചെയ്യുമെന്ന് നോക്കാം!

രണ്ട് ദിവസങ്ങൾ ബാബുവിനെ ജെറി വീക്ഷിച്ചു കൊണ്ടിരുന്നു. എപ്പോഴും ഒറ്റയ്ക്കിരിക്കുന്നതു കാണാം. ആ ഇരിപ്പു കാണുമ്പോൾ ജെറിക്ക് ചിരിയടക്കുവാൻ കഴിഞ്ഞില്ല.

ദിവസങ്ങൾ പിന്നിട്ടു. ഒരു ദിവസം അങ്കിൾ ഗൾഫിൽ നിന്ന് വന്നപ്പോൾ കൊടുത്ത പന്തുമായി ജെറി ടെറസിൽ വന്ന് തട്ടിക്കളിക്കുകയാണ്. ടെറസിൽ പന്ത് കളിക്കരുതെന്നാണ് മമ്മിയും, ഡാഡിയും പറഞ്ഞിരിക്കുന്നത്. ഭാഗ്യം രണ്ടുപേരും സ്ഥലത്തില്ലാത്തത്. എന്റെ ഈ പുതിയ പന്ത് ആ ബാബു ഒന്നു കാണട്ടെ. അവന്റെ വായും പൊളിച്ചുള്ള നോട്ടം കാണാം. ഇതെല്ലാം ചിന്തിച്ച് ഉയരത്തിലേക്ക് പന്ത് എറിഞ്ഞ് പിടിക്കുകയാണ് ജെറി. ഓരോ എറും പിടുത്തവും കഴിയുമ്പോൾ ജെറി താഴോട്ടു നോക്കും. ബാബുവിന്റെ അന്തംവിട്ടുള്ള നോട്ടം കാണുമ്പോൾ വീണ്ടും കുറച്ചു കൂടെ ഉയരത്തിൽ എറിഞ്ഞ് പിടിക്കും.

ഒരു തവണ എറിഞ്ഞ പന്ത് നല്ല ഉയരത്തിലേക്ക് പോയി. അത് പിടിക്കാനായി പിറകിലേക്ക് നടന്ന് നടന്ന് ജെറി പെട്ടെന്ന് പാരപ്പെറ്റിൽ തട്ടി മറിഞ്ഞ് സൺഷെയ്ഡിലേക്ക്..... അവിടെ താഴേക്കു വീഴും മുമ്പേ ജെറിക്ക് സൺഷെയ്ഡിൽ പിടുത്തം കിട്ടി. എല്ലാം ഒറ്റ നിമിഷം കൊണ്ട് നടന്നു. സൺഷെയ്ഡിൽ തൂങ്ങിക്കിടന്ന് ജെറി കരയുകയാണ്. ഇത് കണ്ട് നിന്ന ബാബു അടുത്ത നിമിഷം മതിലിൽ വലിഞ്ഞു കയറി അവിടെ നിന്ന് മതിലിനോട് ചേർന്ന് നിൽക്കുന്ന മാവിലൂടെ സൺഷെയിഡിലെത്തി. ജെറിയുടെ കൈയിൽ പിടിച്ചു. തൂങ്ങി കിടന്ന ജെറിയുടെ കൈകൾ വിട്ടു പോകുവാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് ബാബുവിന്റെ പിടുത്തം. പക്ഷെ എത്ര ശ്രമിച്ചിട്ടും ബാബുവിന് ജെറിയെപ്പൊക്കിയെടുക്കുവാനായില്ല. അതിനിടയക്ക് മാവിൻ കൊമ്പിലെ ഒരു നീറിൻ കൂട് പൊട്ടി ബാബുവിന്റെ ദേഹത്ത് വീണു. നീറിന്റെ കടി സഹിക്കാൻ പറ്റുന്നില്ലയെങ്കിലും ബാബു ജെറിയുടെ കൈയിൽ നിന്ന് വിട്ടില്ല.

കുട്ടികളുടെ നിലവിളി കേട്ട് വഴിയാത്രക്കാർ ഓടി വന്ന് രണ്ടുപേരേയും താഴെയിറക്കി. ജെറിയുടെ ഡാഡിയും, മമ്മിയും വരുമ്പോൾ വീട്ടുമുറ്റത്ത് നിറയെ ആളുകളാണ്. അവരോട് നാട്ടുകാരിലൊരാൾ കാര്യമെല്ലാം പറഞ്ഞു. "ഈ പയ്യൻ വന്ന് പിടിച്ചില്ലായിരുന്നെങ്കിൽ സാറിന്റെ മോന്റെ കാര്യം കഷ്ടത്തിലായെനേം... താഴെ തേങ്ങ പൊതിക്കുന്ന പാരയാണ് ഇരിന്നിരുന്നത്. അതിലേങ്ങാനുമാണ് വീണിരുന്നതെങ്കിൽ...."

നാട്ടുകാരെല്ലാവരും പിരിഞ്ഞു. ജെറിക്ക് കാര്യമായി ഒന്നും പറ്റിയില്ല. കൈയ്യ് ഒന്ന് പോറിയിട്ടുണ്ട്. എന്നാൽ ബാബുവിന്റെ നെഞ്ചു മുതൽ വയറു വരെ തൊലി ശരിക്കും ഉരഞ്ഞ് പൊട്ടി രക്തം വാർന്നിരിക്കുകയാണ്. കൂടാതെ പുറം മുഴുവനും, കണ്ണിന്റെ ചുറ്റുമൊക്കെ നീറിന്റെ കടിയേറ്റ് തടിച്ചിട്ടുണ്ട്. വേദന സഹിക്കാനാവാതെ ബാബു ശബ്ദം ഉണ്ടാകാതെ കരയുന്നതിനിടയ്ക്ക് മമ്മി അവനെ ചേർത്ത് പിടിച്ച് നെറുകയിൽ ഒരു ഉമ്മം കൊടുത്തു. പിന്നീട് ഡാഡി അവനെ അടുത്ത ക്ലിനിക്കിൽ കൊണ്ടുപോയി മരുന്നെല്ലാം വെച്ചു കെട്ടി അവന്റെ വീട്ടിൽ കൊണ്ടാക്കി.

സന്ധ്യ ആയി തുടങ്ങിയപ്പോൾ ജെറി ജനലിലൂടെ ബാബുവിന്റെ വീട്ടിലേക്ക് നോക്കി. "പാവം അവൻ ഒറ്റയ്ക്കിരിക്കുകയാണ്. അവന്റെ അമ്മയും ചേച്ചിയും വന്നിട്ടില്ല. അരണ്ട വിളക്കിന്റെ വെളിച്ചത്തിൽ അവന്റെ മുഖം ജെറി കണ്ടു. കഠിന വേദനയുടെ ശക്തിയാൽ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നു."

ചില ദിവസങ്ങൾക്കു മുമ്പുള്ള സംഭവങ്ങൾ ജെറിയുടെ മനസിലൂടെ കടന്നുപോയി. അവന്റെ ഹൃദയം തകരുന്നതുപോലെ തോന്നി. അത് ഒരു തേങ്ങലായി പുറത്തേക്കു വന്നു. ഒരു നിമിഷം പോലും താമസിച്ചില്ല. ജെറി ഓടി ടെറസിന്റെ മുകളിൽ നിന്ന് ബാബുവിന്റെ പാവയെ എടുത്ത് മാറോട് ചേർത്ത് പിടിച്ച് തേങ്ങികരഞ്ഞ് കൊണ്ട് ഡാഡിയുടെയും, മമ്മിയുടെയും അടുക്കൽ ചെന്ന് പാവയെ ഒളിപ്പിച്ചതടക്കമുള്ള കാര്യമെല്ലാം പറഞ്ഞു.

അതുകേട്ട് മമ്മിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതിനിടയിൽ മമ്മി പറഞ്ഞു. "ആ കുഞ്ഞിനെ പോയി വിളിച്ചു കൊണ്ടു വാ"



ഡാഡി ജെറിയുടെ കൈകൾ പിടിച്ച് പാവയുമായി ബാബുവിന്റെ വീട്ടിലേക്ക്..... നീറുന്ന വേദനയോടെ ഇരിക്കുന്ന ബാബുവിനെ അടുത്തു കണ്ടപ്പോൾ ജെറിക്ക് മനസിൽ വീണ്ടും സങ്കടം വന്നു. ഡാഡി പതുക്കെ ബാബുവിനെ ചേർത്തു പിടിച്ചു. എന്നിട്ട് പാവയെ ബാബുവിന് കൊടുത്തു. പാവയെ കണ്ടപ്പോൾ ബാബുവിന്റെ കണ്ണുകളിൽ തിളക്കം. അവൻ അതിനെ തെരുതെരെ ചുംബിച്ചു. അവന്റെ വേദനകളെല്ലാം പറന്നു പോയതുപോലെ. അല്പ്പം കഴിഞ്ഞപ്പോൾ പാവയെ ജെറിയുടെ നേരെ നീട്ടി.... ജെറിക്ക് സങ്കടം അടക്കുവാൻ കഴിഞ്ഞില്ല. അവൻ ബാബുവിനെ കെട്ടിപിടിച്ച് കരഞ്ഞു.

അല്പം കഴിഞ്ഞ് ബാബുവിന്റെ അമ്മയും സഹോദരിയും വന്നപ്പോൾ ഡാഡി നടന്ന കാര്യമെല്ലാം പറഞ്ഞു. തിരിച്ചു ഭവനത്തിലേക്ക് പോരുമ്പോൾ ഡാഡി ജെറിയോട്, "ജെറി ഇന്ന് ഒരു പാഠം പഠിച്ചു. ആരെയും പരിഹസിക്കരുത്, ആരെയും ചെറുതായി കാണരുത്."

**കൂട്ടുകാരെ നിങ്ങൾ?**

ഞാൻ വലുതെന്നും, മറ്റുള്ളവർ ചെറുതെന്നും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? എന്നാൽ ദൈവം എല്ലാവരെയും നല്ലതായി സൃഷ്ടിച്ചിരിക്കുന്നു. ദൈവം മനുഷ്യരെ കാണുന്നതുപോലെ നാമും മറ്റുള്ളവരെ കാണണം.

**മനഃപാഠവാക്യം**

*ഫിലിപ്പിയർ 2:3,4*

ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണികൊള്ളുവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കണം.

*ഫിലിപ്പിയർ 2:3,4*

**– ടെൻസൻ ജോസഫ്,**
എറണാകുളം.

## എസ്രായുടെ ദുഃഖം

യെരുശലേമിന്റെ ഉണർവിനെ തുടർന്ന് എസ്രാ 9–ാം അദ്ധ്യായത്തിൽ യിസ്രായേൽ ജനം ദേശനിവാസികളോട് വേർപെടാതിരുന്നത് കാണുന്നു. വിശുദ്ധ സന്തതി ദേശനിവാസികളോടു ഇടകലർന്ന 'അകൃത്യം' കേട്ടപ്പോൾ എസ്രാ വസ്ത്രവും മേലങ്കിയും കീറി, തലയിലും താടിയിലുമുള്ള രോമം വലിച്ചു പറിച്ചു സ്തംഭിച്ചു കുത്തിയിരുന്നു ആത്മതപനം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. 9:6 ൽ എന്റെ മുഖം എന്റെ ദൈവമായ നിങ്കലേക്കു ഉയർത്തുവാൻ ലജ്ജിച്ചു നാണിച്ചിരിക്കുന്നു" എന്നാണ് എസ്രാ ദൈവത്തോട് പറയുന്നത്. ദൈവജനത്തിന്റെ പാപം കണ്ട് ശരിയായ ആത്മീക പ്രതികരണമായിരുന്നു എസ്രായിൽ നിന്നുണ്ടായത്. ദേവാലയത്തിനു മുമ്പിൽ വീണു കിടന്നു പ്രാർത്ഥിക്കുന്ന എസ്രായുടെ ചരിത്രം വായിക്കുമ്പോൾ ഒന്നാമത് പാപത്തെ ഏറ്റവും ഗൗരവമായി താൻ കണ്ടതായി നമുക്കു മനസിലാക്കാം ദൈവഭക്തിയോടെ ജീവിച്ചിരുന്ന തനിക്കു (7:10) തന്റെ ജനത്തിന്റെ പാപം കണ്ട് ഇത്രയേറെ ദുഃഖിക്കേണ്ടിയിരുന്നോ എന്നു തോന്നിയേക്കാം. പക്ഷേ, ദൈവത്തിന്റെ ഹൃദയത്തെ ദുഃഖിപ്പിക്കുന്ന കാര്യം തന്നെയും തീവ്രമായി ബാധിച്ചിരിക്കുന്നു എന്നാണ് എസ്രായുടെ പ്രതികരണത്തിൽ നിന്ന് മനസ്സിലാകുന്നത്.

ദൈവജനത്തിന്റെ ഇന്നത്തെ അവസ്ഥയിൽ നമ്മുടെ പ്രതികരണമെന്താണ്? എല്ലാറ്റിനോടും ഒത്തു തീർപ്പ് എന്ന നിലപാടിൽ പോകുന്നതുകൊണ്ട് പണ്ടു 'വേർപാടുകാർ' എന്ന വിലയേറിയ പദവി ലഭിച്ചിരുന്നവർക്ക് ലോക മനുഷ്യരുമായി എന്തു വ്യത്യാസം ഉണ്ട് എന്ന കാര്യം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവർ പാപം ചെയ്യുമ്പോൾ എസ്രായെപ്പോലെ നമ്മുടെ ഹൃദയം ദുഃഖിക്കാറുണ്ടോ? ആത്മതപനത്തിന്റെ നാളുകൾ വ്യക്തി ജീവിതത്തിലും സഭയായും നമുക്കുണ്ടോ എന്നൊക്കെ പരിശോധിക്കുന്നത് നന്നായിരിക്കും.

രണ്ടാമത് ദൈവജനത്തിന്റെ പാപം അതു ചെയ്യുന്നവരെ മാത്രമല്ല മറ്റുള്ളവരെയും ബാധിക്കുമെന്ന് 9:7 ൽ കാണുന്നു അതുകൊണ്ടാണ് അവർ പ്രവാസികളായി പോയത്. വാളിനും പ്രവാസത്തിനു കവർച്ചയ്ക്കും അപമാനത്തിനും ഏല്പിക്കപ്പെട്ടത് വരും തലമുറകളുമായിരുന്നു. പാപത്തെ പാപമായി കാണാതെ ഒത്തു തീർപ്പ് ചെയ്യുന്നതുകൊണ്ട് നമ്മുടെ തലമുറകളെയും അതു ബാധിക്കുന്നു.

മൂന്നാമത് എസ്രാ താൻ അന്യജാതിക്കാരത്തിയെ വിവാഹം ചെയ്തില്ല എങ്കിലും 9:7 ഞങ്ങൾ കുറ്റക്കാരായിരിക്കുന്നു എന്നു പറയുന്നു. ദൈവജനത്തിന്റെ പാപത്തിനു നാമെല്ലാം ഒരു നിലയിൽ അല്ലെങ്കിൽ കുറ്റക്കാരാണ്, ശരിയായ നേതൃത്വം കൊടുക്കാത്തതുകൊണ്ട് പ്രാർത്ഥിക്കാത്തതുകൊണ്ട്, ചിലപ്പോഴെങ്കിലും സഹോദരങ്ങൾ പാപത്തിൽ വീണതുകൊണ്ട് പിശാചിനോട് ചേർന്ന് സന്തോഷിച്ചതുകൊണ്ട് ഇങ്ങനെ പല വിധത്തിൽ നാം കുറ്റക്കാരാണ്. ആരും ഇതിൽ നിന്നൊഴിവുള്ളവരല്ല.

നാലാമത് ഇങ്ങനെയൊക്കെയാണെങ്കിലും അർഹതപ്പെടാത്ത ദയയും കൃപയും അവർക്കു ലഭിക്കുന്നുണ്ടായിരുന്നു. ഒരു ശേഷിപ്പിനെ എപ്പോഴും ദൈവം വച്ചിരുന്നു. നമ്മെ സംബന്ധിച്ചും ഇതു ശരിയല്ലേ? ആത്മീക മുൻകൈ നഷ്ടപ്പെട്ടെങ്കിലും എല്ലാ കാലത്തും ഒരു ശേഷിപ്പിനെ ദൈവം പരിപാലിക്കുന്നു. ഇനി എന്താണ് പോം വഴി? പുരുഷന്മാരും സ്ത്രീകളും പൈതങ്ങളും വളരെ കരഞ്ഞപ്പോൾ "ഇനിയും പ്രത്യാശയുണ്ട് (9:2) എന്ന വാക്കു കേട്ടു. നമ്മുടെ മദ്ധ്യത്തിൽ എസ്രായുടെ മനോഭാവമുള്ളവർ എഴുന്നേൽക്കയും (ഉള്ളവർ അതനുസരിച്ച് ഭയപ്പെടാതെ മുന്നോട്ടു വരികയും) ഒരുമിച്ച് ആത്മതപനം ചെയ്ത് വേർപെടേണ്ട നിലയിൽ വേർപെടാൻ തീരുമാനമെടുക്കുകയുമാണെങ്കിൽ ഇനിയും പ്രത്യാശയുണ്ട്.

*– എഡിറ്റർ ഇൻ ചാർജ്ജ്*

## ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? രക്ഷിക്കപ്പെട്ട ഒരു വ്യക്തി രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയുമായി വിവാഹ ബന്ധത്തിലേർപ്പെടാമോ?**

● രക്ഷിക്കപ്പെട്ട ഒരു വ്യക്തി രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയുമായി വിവാഹ ബന്ധത്തിലേർപ്പെടാൻ പാടില്ല. "നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണകൂടരുത്..... വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി" കൊരി 6:14,15

"...അവരുമായി വിവാഹ ബന്ധത്തിലേർപ്പെടരുത്..." ആവർത്തനം 7:1–4 യാതൊരു പങ്കാളിത്തവും പാടില്ല വിവാഹം ഉൾപ്പെടെ. വിവാഹത്തിലൂടെ അവിശ്വാസിയായ പങ്കാളിയെ വിശ്വാസത്തിലേക്ക് നയിക്കുവാൻ ഒരവസരം ലഭിക്കുമല്ലോ എന്ന് ചിലർ പറയാറുണ്ട്. എന്നാൽ വിവാഹം കഴിച്ച് ഒരവിശ്വാസിയെ രക്ഷയിലേക്ക് നടത്താൻ വചനം കല്പിക്കുന്നില്ല. അതു സുവിശേഷീകരണത്തിന്റെ ഒരു മാർഗ്ഗവുമല്ല.

എങ്കിലും തങ്ങളുടെ സ്നേഹം നിമിത്തം പങ്കാളിയെ രക്ഷയിലേക്ക് നയിക്കുവാൻ കഴിയുമെന്ന് ചിലരെങ്കിലും കരുതുന്നു. അങ്ങനെ കരുതുന്നത് ഒരു വ്യക്തിയുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം എന്തെന്ന് ശരിയായി മനസിലാക്കാത്തതുകൊണ്ടോ, പ്രേമബന്ധങ്ങളാൽ കണ്ണു കുരുടാകുന്നതുകൊണ്ടോ ആണ്. രക്ഷിക്കപ്പെട്ടവരാണെങ്കിൽ പോലും വിവാഹം ദൈവഹിതപ്രകാരമാണ് നടക്കേണ്ടത്. അവിശ്വാസിയുമായി വിവാഹബന്ധത്തിലേർപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

എന്നാൽ ഏതെങ്കിലും കാരണത്താൽ വിവാഹം കഴിഞ്ഞുപോയാൽ ഇനിയെന്ത് ചെയ്യാം....? വിവാഹം കഴിഞ്ഞുപോയാൽ വേർപിരിയുവാൻ വചനം അനുവദിക്കുന്നില്ല. ദൈവകൃപയിൽ ആശ്രയിച്ച് തെറ്റിനെ തെറ്റായിപ്പോയി എന്ന് അംഗീകരിച്ച് അനുതപിച്ച് ഇനിയുള്ള ജീവിതം മാതൃകയായി ജീവിക്കുവാൻ ശ്രമിക്കുക. സ്വാഭാവികമായി അനന്തരഫലങ്ങൾ ജീവിതകാലം മുഴുവൻ തുടർന്നേക്കാം. അത് സഹിക്കാൻ കൃപക്കായി ദൈവ മുഖത്തേക്ക് നോക്കുക.

*– റ്റി.ജെ., തിരുവനന്തപുരം*


വാർത്തകൾ അയക്കേണ്ട വിലാസം: Renewal, P.B.No. 2665, Broadway, Ernakulam - 31.
അല്ലെങ്കിൽ Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011.
Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**



**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്വേലി).
കൺസൽട്ടന്റ് എഡിറ്റേഴ്സ് – വർഗ്ഗീസ് ചാക്കോ, ബാബു ജോൺ
എഡിറ്റർ ഇൻ–ചാർജ്ജ് – കെ. തോമസ് മാത്യു
ന്യൂസ് എഡിറ്റർ – തോമസ് ജോൺ
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പ്രൊമോഷണൽ കോ–ഒർഡിനേറ്റർ – റെജി മാത്യു
സർക്കുലേഷൻ കോ–ഒർഡിനേറ്റർ – ജെൽസൺ പി.ജെ.
പ്രിന്റർ, പബ്ലിഷർ – ടെൻസൻ ജോസഫ്

YOUTH GUIDE

# ദൈവത്തിന്റെ ദയ

ഒരിക്കൽ ധനവാനായ ഒരു മനുഷ്യൻ തന്റെ പട്ടണത്തിന്റെ തെരുവിലൂടെ സഞ്ചരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു കാഴ്ച അദ്ദേഹത്തിന്റെ കണ്ണിൽപെട്ടു. ആൾക്കാർ വലിച്ചെറിയുന്ന അവശിഷ്ടക്കൂനയിൽ നിന്ന് ആഹാരശകലങ്ങൾ ശേഖരിച്ച് ആർത്തിയോടെ തിന്നുന്ന ഒരു ബാലൻ. ഈ രംഗം ധനവാനെ വളരെ വിഷമിപ്പിച്ചു. അദ്ദേഹം ഉടനെ തന്റെ ഭൃത്യന്മാരെ വിളിപ്പിച്ച് ആ ബാലനെ തന്റെ വീട്ടിലേക്ക് കൊണ്ടു വന്നു. അവനെ കുളിപ്പിച്ച്, നല്ല വസ്ത്രങ്ങൾ ഉടുപ്പിച്ച് നല്ല ആഹാരവും അവനു കൊടുത്തു. രാത്രിയിൽ കിടക്കുവാൻ അവൻ ഇതുവരെ കണ്ടിട്ടില്ലാത്ത കട്ടിൽ, മെത്ത, വിരികൾ, പുതപ്പ് എല്ലാം അവന് നൽകി. ജീവിതത്തിൽ ഇതുവരെ ലഭിച്ചിട്ടില്ലാത്ത സൗകര്യങ്ങൾ ധനവാൻ അവനു നൽകി.

പ്രഭാതത്തിൽ അവനെ ഉണർത്തുവാൻ ചെന്ന ഭൃത്യന് ബാലനെ ആ മുറിയിൽ കണ്ടെത്താനായില്ല. അവന് ഉടുക്കുവാൻ കൊടുത്തിരുന്ന വില കൂടിയ വസ്ത്രങ്ങൾ ഭംഗിയായി കട്ടിലിൽ മടക്കി വെച്ചിട്ടുണ്ട്. പക്ഷെ, അവന്റെ കീറിപറിഞ്ഞ് മുഷിഞ്ഞു നാറിയ വസ്ത്രം അവിടെയില്ല. ആ ബാലൻ എവിടെ നിന്ന് വന്നോ അവിടേയ്ക്ക് തിരിച്ചു പോയി എന്ന് ധനവാൻ മനസിലാക്കി.

ഒരു പുതിയ സാഹചര്യത്തോട് പൊരുത്തപ്പെടുവാൻ ആ ബാലന് കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ മെഫീബോശെത്തിനെ കുറിച്ച് നാം പഠിക്കുമ്പോൾ വളരെ വ്യത്യസ്തമായ ചിത്രമാണ് നമുക്ക് കാണുവാൻ കഴിയുന്നത്. രണ്ടു കാലും മുടന്തനായ യോനാഥന്റെ മകൻ "നിന്റെ അപ്പനായ യോനാഥന്റെ നിമിത്തം ഞാൻ നിന്നോട് ദൈവത്തിന്റെ ദയ കാണിക്കേണ്ടതിന്" ദാവീദിന്റെ ഈ വാക്കുകളിൽ നിന്ന് സ്വർഗ്ഗീയ പിതാവിന്റെ, അതിരില്ലാത്ത സ്നേഹത്തിന്റെ, ദയയുടെ പ്രദർശനമാണ് നമുക്ക് കാണുവാൻ കഴിയുന്നത്.

മെഫീബോശെത്ത് രാജകുമാരന്മാരിൽ ഒരുത്തനെ പോലെ ദാവീദിന്റെ മേശയിങ്കൽ നിന്ന് ഭക്ഷണം കഴിച്ചു പോന്നു. "കരുണാ സമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം.." "ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടു കൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു."

രാജാവിന്റെ പ്രവൃത്തികൾ മെഫീബോശെത്തിനെ അത്ഭുതസ്തബ്ധനാക്കി, ഭയ ഭക്തിയാൽ രാജാവിനെ സാഷ്ടാംഗം വീണ് നമസ്കരിച്ചു. മെഫീബോശെത്തിന്റെ മാനസീക സ്ഥിതി ഒന്ന് അവലോകനം ചെയ്യേണ്ടതാണ്. മുകളിൽ പറഞ്ഞ ബാലന് പുതിയ സാഹചര്യങ്ങളോട് ഇണങ്ങിച്ചേരുവാൻ കഴിഞ്ഞില്ല. എന്നാൽ മെഫീബോശെത്ത് മുടന്തനാണെങ്കിലും ഒരു രാജകുമാരനായി മാറുകയായിരുന്നു. ദൈവത്തെ അറിഞ്ഞിട്ടും, തിരസ്ക്കരിക്കുന്നവരും, ദൈവത്തെ ഉള്ളിൽ സ്വീകരിക്കുന്നവരും തമ്മിലുള്ള വ്യത്യാസം ഈ രണ്ട് സംഭവങ്ങളിൽ നിന്ന് മനസിലാക്കാം.

ദൈവത്തെ അറിഞ്ഞ് സ്വീകരിക്കുന്നവരെ കുറിച്ച് പൗലോസ് ഇങ്ങനെ പറയുന്നു. നാം ദാസന്മാരല്ല, രാജകീയ പുത്രന്മാർ തന്നെ.

**വി.എം. തോമസ്,**
എറണാകുളം.

# എസ്.എസ്.എൽ. ക്യാമ്പ്

പ്രാദേശിക ബ്രദ്റൻ സഭകളുടെ സഹകരണത്തിൽ 1989 മുതൽ നടത്തിവരുന്ന എസ്.എസ്.എൽ. ക്യാമ്പ് ഈ വർഷവും ഏപ്രിൽ 1 മുതൽ 5 വരെ അങ്കമാലി അസിസ്സീ ശാന്തി കേന്ദ്രയിൽ വെച്ച് നടന്നു. യുവജന പ്രവർത്തനത്തിൽ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള സഹോദരിസഹോദരന്മാരുടെ മേൽനോട്ടത്തിലാണ് ക്യാമ്പുകൾ നടക്കുന്നത്. അതുകൊണ്ടു തന്നെ പൂർണ്ണ അച്ചടക്കവും ക്യാമ്പിൽ ഉടനീളം പാലിക്കപ്പെടുന്നു. ആദിമുതൽ അവസാനം വരെ പൂർണ സമയം പങ്കെടുക്കണം എന്ന നിർബന്ധമുള്ളതിനാൽ ക്യാമ്പിലെ എല്ലാ ക്ലാസുകളുടെയും പ്രയോജനം കുട്ടികൾക്ക് ലഭിക്കുന്നു.



*എസ്.എസ്.എൽ ക്യാമ്പിൽ പങ്കെടുത്തവർ*

യുവതലമുറയ്ക്ക് ആത്മീക ഉണർവ്വേകിയ യുവജന ക്യാമ്പുകളിൽ ഏറ്റവും പ്രധാനപ്പെട്ട ക്യാമ്പാണ് എസ്.എസ്.എൽ. ക്യാമ്പ്. പത്താം ക്ലാസ്സ് പരീക്ഷ എഴുതിയ കുട്ടികൾക്കു മാത്രമായി നടത്തപ്പെടുന്ന ഈ ക്യാമ്പ് ഇരുപത്തിരണ്ട് വർഷങ്ങളിലായി 25 ക്യാമ്പുകൾ നടന്നു കഴിഞ്ഞു. ഇതുവരെയും ഏകദേശം 6,500ഓളം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്. നേരെത്തെ ക്യാമ്പിൽ സംബന്ധിച്ച് ആത്മീക പ്രയോജനം ലഭിച്ച് ലോകത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ ഈ ക്യാമ്പിനെ കുറിച്ച് വളരെ മതിപ്പുള്ളവരാണ്.

ഒരു സ്പെഷ്യലയ്സ്ഡ് ക്യാമ്പ് എന്ന നിലയിൽ കുട്ടികളുടെ പ്രായപരിധിക്കനുസരിച്ച് ആവശ്യമായ വിഷയങ്ങൾ തിരഞ്ഞെടുത്ത് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ക്ലാസുകളാണ് എസ്.എസ്.എൽ. ക്യാമ്പിന്റെ പ്രത്യേകത. രക്ഷ, രക്ഷയുടെ ഉറപ്പ്, സ്നാനം, സഭ, മാതാപിതാക്കളോടുള്ള സമീപനം, ദൈവഹിതം എങ്ങനെ കണ്ടെത്താം എന്നിവയും ക്യാമ്പിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. കൂടാതെ ശാന്ത സമയം, എങ്ങനെ നന്നായി പഠിക്കാം, കരിയർ ഗൈഡൻസ്, യുവജനങ്ങളും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, പരിഹാര മാർഗ്ഗങ്ങൾ എന്നി വ്യക്തിത്വ വികസന ക്ലാസുകളും കരിയർ ബൂത്തും എസ്.എസ്.എൽ. ക്യാമ്പിന്റെ മാത്രം പ്രത്യേകതയാണ്.

ഈ പ്രാവശ്യം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 190 കുട്ടികളും 60ഓളം സീനിയേഴ്സും ക്യാമ്പിൽ സംബന്ധിച്ചു. സഹോദരന്മാരായ ജോൺ കുര്യൻ, കെ തോമസ് മാത്യു, ജെയിംസ് വർഗ്ഗീസ്, ബാബു ജോൺ, സ്റ്റാൻലി ജോൺസ്, ഡോ. അലക്സ്, ജോജോ സി. കുര്യൻ, ബെൻസിക് മിറാന്റ, എ.ആർ. പീറ്റർ, ജോർജ്ജ് കോശി എന്നിവരും പെൺകുട്ടികൾക്കു വേണ്ടി പ്രത്യേക ക്ലാസ് ഡോ. സൂസൻ വിൽസനും എടുത്തു. സഹോദരൻമാരായ റെജി മാത്യു, ജോൺ ഷാരോൺ എന്നിവർ ക്യാമ്പ് കൺവീനർമാരായി പ്രവർത്തിച്ചു.

ഒന്നരലക്ഷത്തോളം രൂപ ചിലവു വന്ന ക്യാമ്പിനാവശ്യമായ പണം ഫെയ്ത്ത് ബോക്സ് വഴിയാണ് പൂർണ്ണമായും കണ്ടെത്തിയത്.

മറ്റ് സഭാവിഭാഗത്തിൽ നിന്നും സമുദായത്തിൽ നിന്നും വന്ന ചില കുട്ടികൾ രക്ഷിക്കപ്പെടുവാനിടയായി. അവസാനം നടന്ന സാക്ഷ്യ യോഗത്തിൽ അനേക കുട്ടികൾ നല്ല തീരുമാനങ്ങൾ എടുക്കുവാനും ഇടയായി. തുടർന്നു എസ്.എസ്.എൽ ക്യാമ്പിന്റെ അനുധാവന പ്രവർത്തനങ്ങൾക്ക് വേണ്ടിയും ദൈവജനം പ്രാർത്ഥിക്കുക.

## റിന്യൂവൽ ശുശ്രൂഷ

രജിസ്ട്രേഷൻ പുതുക്കി ലഭിച്ചു. അതിനായി കാത്തിരുന്നതിനാൽ കഴിഞ്ഞ രണ്ടു ലക്കങ്ങളും മുടങ്ങിയതിൽ വളരെ ഖേദിക്കുന്നു. തുടർന്നും പ്രാർത്ഥനാ സഹകരണം അഭ്യർത്ഥിക്കുന്നു.

റിന്യൂവൽ ഒരു ശുശ്രൂഷയാണ് ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ കൈയ്യിൽ ഒരു വർഷം റിന്യൂവൽ എത്തിക്കുവാൻ 50രൂപ ചിലവു വരും. നിങ്ങളുടെ വരിസംഖ്യ കാലാവധി തീരുന്നത് റിന്യൂവലിന്റെ റാപ്പറിൽ നോക്കിയാൽ അറിയാം. ഉദ. റാപ്പറിൽ അഡ്രസ്സിന്റെ വലതു ഭാഗത്ത് S10MAY എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2010 മെയിൽ നിങ്ങളുടെ വരിസംഖ്യ പുതുക്കണമെന്നാണ്. നിങ്ങളുടെ പ്രാപ്തിപോലെ ഈ ശുശ്രൂഷയിൽ സഹകരിക്കുക.

## ഒന്നാം റാങ്ക്



മൈലപ്ര ബ്രദ്റൻ സഭാംഗം ജോർജ്ജ് വർഗ്ഗീസിന്റെ ഭാര്യ ജോയ്‌ലിൻ ആനി ജോസഫ് മഹാത്മഗാന്ധി സർവ്വകലാശാലയുടെ ബി.ഫാം പരീക്ഷയിൽ ഒന്നാം റാങ്ക് നേടി. കലഞ്ഞൂർ ബ്രദ് റൻ സഭാംഗം ടി.എം. ജോസഫിന്റെയും തങ്കമ്മയുടേയും മകളാണ്.

## നവദമ്പതികൾ



*മുക്കൂട്ടുതറ ബ്രദ്റൻ സഭാംഗം കണ്ടത്തിൽ ചാക്കോയുടെ മകൻ പ്രിൻസും പുന്നവേലിൽ ബ്രദ്റൻ സഭാംഗം തോട്ടത്തിൽ വർഗ്ഗീസിന്റെ മകൾ മെർലിനും.*


**F O R M - 1**
(See Rule 3)

I, Tenson Joseph declare that I am the printer or *publisher or *printer and publisher of the news paper entitled Renewal Vartha Patrika to be printed at Ernakulam and published at Ernakulam or to be printed and published at Ernakulam and that particulars in respect of the said newspaper given hereunder are true to the best of my knowledge and belief.

| | | |
|---|---|---|
| 1. | Title of the newspaper | : **Renewal Athmika Puthukathine** |
| 2. | Langue(s) in which it is (to be) published | : Malayalam |
| 3. | Periodicity of its publication | |
| | a) Whether a daily, tri-weekly, weekly, fortnightly or otherwise | : Monthly |
| | b) In the case of a daily, please state whether it is morning or evening newspaper? | : |
| | c) In the case of a newspaper other than a daily, please state the day (s), date(s) on which it is (to be) published | : 20th of every month |
| 4. | Retail selling price of the newspaper per copy | : |
| | a) If the newspaper is for free distribution, please state that it is "for free distribution" | : |
| | b) If it has only an annual subscription, please state the annual subsription | : Rs. 50/- (Rupees fifty only) |
| 7. | Printer / Publisher & Owner (s) Name | : Tenson Joseph |
| | Nationality | : Indian |
| | Address | : Galeed, South Chittoor P.O. Kochi - 682027. |
| 6. | Place of publication (Please give the complete postal address | : Galeed, South Chittoor P.O. Kochi - 682027. |
| 8. | Name (s) of the printing press (es) where the newspaper is actually printed and the true and precise description of the premise on which the press(es) is/are installed | : Thomson Press, 39/4063, Karimpatta Road, Cochin - 682 016. |
| 9. | Editors Name | : Thomas Mathew |
| | Nationality | : Indian |
| | Address | : Karakattu House,PO Box No.4 Kuttapuzha, Pathanamthitta, Kerala - 689 103. |
| 10 | b). Please state whether the owner owns any other newspaper and, if so its name, periodicity, language and place of publication | : No |
| 11. | Please state whether the declaration is in respect of | |
| | a). a new newspaper, or | : A New News Paper |
| | b). an existing newspaper, | : |
| | c). in case the declaration falls under item(b) the reason for filing the fresh declaration | : |

Signature : Sd/-
Name : TENSON JOSEPH
Designation : Printer and Publisher

Place : Ernakulam
Date : 3rd July 2009

Sd/- ADM, Ernakulam

* Strike out whichever is not applicable


# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 1006 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 33 വയസ്സ് 5'5' ഉയരം. MBBS, DNB (Family Medicine) സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജൻ.

**RM No : 1007 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5'4' ഉയരം. Computer Engineer, Infosysൽ ജോലി.

**RM No : 1008 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'4' ഉയരം. B.Sc. Nurse, ജോലിയുണ്ട്.

**RM No : 1009 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'4' ഉയരം. B.Sc. Nurse, ഓസ്ട്രേലിയയിൽ ജോലി.

**RM No : 1010 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'4' ഉയരം. B.Sc. Nurse, ട്യൂട്ടറായി ജോലി.

**RM No : 1011 -** മറ്റൊരു പശ്ചാത്തലത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'2' ഉയരം. BA Economics, ITI Electronics.

**RM No : 1012 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'2' ഉയരം. IT Engineer, Multi National കമ്പനിയിൽ ജോലി.

**RM No : 1013 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'3' ഉയരം. M.A. English, ഗസ്റ്റ് ലക്ചററായി ജോലി.

**RM No : 1014 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5'1' ഉയരം. B.Sc. Nurse, മുംബൈയിൽ ജോലി.

### WANTED BRIDE

**RM No : 1015 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'8 ഉയരം. B.Com, ബാങ്കിൽ ജോലി.

**RM No : 1016 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'7 ഉയരം. SSLC, ഗൾഫിൽ ജോലി, ഇപ്പോൾ നാട്ടിലുണ്ട്.

**RM No : 1017 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 6' ഉയരം. Automobile Engg., ഗൾഫിൽ ജോലി.

**RM No : 1018 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'6 ഉയരം. Animation & Graphic Designer, ഗൾഫിൽ ജോലി.

**RM No : 1019 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'5 ഉയരം. Automobile Dip., ഗൾഫിൽ ജോലി. ജൂലൈയിൽ നാട്ടിൽവരും.

**RM No : 1020 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'5 ഉയരം. MBA, ജോലി ഉണ്ട്.

**RM No : 1021 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'9 ഉയരം. BA, Computer Science, Jewellery Designer, ഗൾഫിൽ ജോലി.

**RM No : 1022 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'5 ഉയരം. ബിസിനസ്സ്.

**RM No : 1023 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 6' ഉയരം. M.Sc., Software Engineer, ബാംഗ്ലൂരിൽ ജോലി.

**RM No : 1024 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'9 ഉയരം. B.Tech, Software Engineer, കൊച്ചിയിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

## സുവിശേഷ വയലിലേക്ക്



എറണാകുളം കുറുമ്പ തുരുത്ത് ബ്രദ്റൻ സഭാംഗം ജേക്കബ് ജോസ് (പ്ലൂട്ടോ) കഴിഞ്ഞ ഒരു വർഷത്തിലേറേയായി തന്റെ ഭൗതിക ജോലി ഉപേക്ഷിച്ച് സഭയോട് ചേർന്ന് സുവിശേഷ വേലയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിനു മുമ്പ് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ വേദപഠനവും താൻ പൂർത്തീകരിച്ചിരുന്നു. കഴിഞ്ഞ ഫെബ്രുവരിയിൽ വൈ.എം.ഇ.എഫ്. ടീമിനൊപ്പം രാജസ്ഥാനിൽ ഒരു മാസം സുവിശേഷ വേലയിൽ സഹകരിച്ചു. ബൈബിൾ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കെയാണ് സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞത്. തന്റെ ദൈവവിളി സഭയ്ക്ക് ബോധ്യമായ വിവരം സഭകളെ അറിയിച്ചുകൊള്ളുന്നു. ഭാര്യ വത്സ, മക്കൾ എഡ്വിൻ, ആൾഡ്രിൻ. സഹോദരന്റെ വിലാസം – Jacob Jose V.F., Vadakaveetil, Gothuruth P.O., Kurum-bathuruth, Ernakulam - 683523, Tel : 9747412783. സഭയ്ക്കു വേണ്ടി, സുവി. ബിനു സേവ്യർ, ആന്റണി എ.ജെ.

## സ്റ്റാനി വി.എസ്.

കർണാടക – നെല്ലൂദിക്കേരി ബ്രദ്റൻ സഭാംഗം സ്റ്റാനി വി.എസ്. വിദ്യാഭ്യാസത്തിനു ശേഷം ജോലി തേടി റെയ്ച്ചൂരിൽ ചെല്ലുകയും അവിടെ വെച്ച് സുവിശേഷകൻ റ്റി. ജെ. മാത്യുവിനൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. സുവിശേഷ തൽപരനായ സഹോദരൻ നേരത്തെ കട്ടപ്പന ബൈബിൾ സ്കൂളിൽ വേദപഠനം പൂർത്തികരിച്ചിരുന്നു. റെയ്ച്ചൂരിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ പൂർണസമയ സുവിശേഷ വേലയ്ക്കായി താൻ സമർപ്പിക്കപ്പെട്ടു. സഹോദരന്റെ ദൈവവിളി സഭയ്ക്ക് ബോധ്യപ്പെട്ടതിനാൽ തന്നെ പൂർണസമയ സുവിശേഷകനായി അംഗീകരിക്കുന്നതായി സഭകളെ അറിയിക്കുന്നു. സഹോദരന്റെ വിലാസം Stany V.S., H. No. 7 - 6 - 84 -53 / A, Vasavi Nagar, Raichur, Karnataka - 584103 Tel - 094740028771.

## അഭ്യർത്ഥന

കുളമാവ് സഭാ സുവിശേഷകൻ സി.എസ്. ജോൺസന് ഒരു ഭവനം ആവശ്യമാണ്. ഇപ്പോൾ താൻ താമസിക്കുന്ന ഭവനം പഴകിയതും ജീർണിച്ചതുമാണ്. ഏകദേശം ഒരു ലക്ഷം രൂപയുണ്ടെങ്കിൽ പുതുക്കി പണിയുവാൻ കഴിയും. ദൈവജനത്തിന്റെ സഹകരണം പ്രതീക്ഷിക്കുന്നു. Bank A/c No. 67058093355 SBT മൂലമറ്റം ശാഖ വിലാസം C.S. Johnson (Evg), Chamaparayil House, Kulamavu PO, Idukki 685601. സഭയ്ക്കുവേണ്ടി സഹോ. ദേവസ്യ, ജോസ് പി.റ്റി.

## കെ.ഇ.എം. ഫണ്ടിന് പുതിയ ഭാരവാഹികൾ

കഴിഞ്ഞ 22 വർഷങ്ങൾ കെ.ഇ.എം.ഫണ്ടിന്റെ സെക്രട്ടറിയായിരുന്ന സഹോ. പോൾ തോമസ്സിന്റെ വേർപാടിനെ തുടർന്ന് സഹോ. തോമസ് ചാണ്ടി (കോട്ടയം) സെക്രട്ടറിയായും, പി.ഇ. സാംകുട്ടി (കുമ്പനാട്) മത്തായി വർഗ്ഗീസ് (തിരുവനന്തപുരം) എന്നിവർ ജോ. സെക്രട്ടറിമാരായും ചുമതലയേറ്റു. സെക്രട്ടറിയുടെ വിലാസം – Thomas Chandy, Pamanapanthiru-parayil, S.H. Mount, Kottayam - 686 006, Tel : 0481-2311473.

## സോദരി ഭവൻ

കൊല്ലം സോദരി ഭവനിൽ നടത്തി വരുന്ന ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂളിന്റെ അടുത്ത ബാച്ച്

## നമുക്കു ചുറ്റും

ജൂൺ 27ന് ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും താഴേ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക. Joice Mathew (Secretary), Sodharibhavan, Anjili Road, Kollam - 1. Tel : 0474-2744846.

## പുതിയ ഓഡിയോ സിഡി

ഭാവികാല സംഭവങ്ങളുടെ കാണാപ്പുറങ്ങൾ അറിയുവാൻ സഹായിക്കുന്ന മരണശേഷം എന്ത്? എവിടെ? എങ്ങിനെ? എന്ന പേരിൽ ഓഡിയോ സീഡി പീസ് മിനിസ്ട്രീസ് കോട്ടയം പുറത്തിറക്കി. കൂടുതൽ വിവരങ്ങൾക്കും കോപ്പികൾക്കും വിലാസം – Peace Ministry, P.O. Box No. 4, Puthupally P.O., Kottayam - 686 011. Tel : 9495446029.

## റഹബോത്ത് തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

തൃശൂർ റഹബോത്ത് തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ബി.റ്റി.എച്ച്., എം.ഡിവ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വിലാസം – Registrar, Rehoboth Theological Institute, Nellikunnu, Thrissur - 680 005. Ph: 0487-6535833.

## വിലാസ മാറ്റം

ജബൽപൂർ ഗുജറാത്തിലെ ഭാവ് നഗറിൽ വേല ചെയ്തുകൊണ്ടിരുന്ന സഹോ. ഡാനിയൽ തോമസ്, മദ്ധ്യപ്രദേശിലെ ജബൽപൂരിലേക്ക് താമസം മാറ്റി. സുവിശേഷ പ്രവർത്തനങ്ങൾക്കു നേരെയുള്ള എതിർപ്പും താമസത്തിനും, ആത്മീക കൂടിവരവുകൾക്കും സ്ഥലം ലഭിക്കാതെ വന്നതുമാണ് ഭാവ് നഗറിൽനിന്ന് പോകാൻ താൻ നിർബന്ധിതനായത്. പുതിയ വിലാസം – Daniel Thomas, Evangelist, Flat No. 15, Airavath Complex, Hathital Coloney, Jabalpur, Madhyapradesh - 482001. Ph: 0761-2421998.

## സുവിശേഷ വയലിൽ

തിരുവനന്തപുരം മംഗലത്ത്കോണം സഭാംഗം എസ്. രതീഷ് കർത്താവിന്റെ വേലയ്ക്കായ് വേർതിരിയുകയും ഒരു വർഷം കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ വേദപഠനം പൂർത്തിയാക്കി നാഗാലാന്റിലെ ദീമാപൂരിൽ സുവിശേഷ വേലക്കായി കടന്നു പോവുകയും ചെയ്തു. 3 വർഷം അവിടെ പ്രവർത്തിച്ചതിനും ശേഷം ചെന്നൈ എസ്.ബി.സി.യിൽ ചേർന്ന് ബിരുദവും നേടി. വീണ്ടും ദീമാപൂരിൽ താൻ പ്രവർത്തനത്തിനായി കടന്നുവന്ന വിവരം ദൈവജനത്തെ അറിയിക്കുന്നു. വിലാസം – S. Retheesh, Evangelist, PO Box No. 387, Dhimapur Town P.O., Nagaland 797112. ദീമാപൂർ സഭയ്ക്കുവേണ്ടി, പോൾ കെ. മാത്യു, ഒ. ജോർജ്ജ് കുട്ടി.

## ഫാമിലി ലൈഫ് കോൺഫറൻസ്

ഫാമിലി ലൈഫ് കോൺഫറൻസ് സെപ്റ്റംബർ 9 മുതൽ 12 വരെ അങ്കമാലി അസ്സിസി ശാന്തികേന്ദ്രയിൽ നടക്കുന്നു. കുടുംബത്തിൽ ദൈവ ഭക്തി, മക്കളെ ദൈവ ഭയത്തിൽ എങ്ങിനെ വളർത്താം തുടങ്ങിയവ പ്രധാന വിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 9447414222, 9846025939.

## സാമ്പൽപ്പൂരിലെ സഭ

സാമ്പൽപ്പൂരിലെ പ്രവർത്തനങ്ങൾക്കായി സുവിശേഷകൻ അനുസരണപാണി തെക്കൻ ഒറീസ്സയിൽ നിന്നും 1993ൽ എത്തി. താമസിയാതെ സഭ കൂടിവരവ് ആരംഭിച്ചു. പ്രാരംഭത്തിൽ 6 പേർ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു. കഴിഞ്ഞ 17 വർഷങ്ങൾകൊണ്ട് വിശ്വാസികളുടെ എണ്ണം 45 ആയി ഉയർന്നു. വെള്ളപ്പൊക്കം മൂലം തകർച്ച നേരിട്ട ഒരു ഷെഡിലാണ് യോഗങ്ങൾ നടന്നു വന്നത്. മറ്റൊരു സ്ഥലം കണ്ടെത്താൻ ഒറീസ്സയിലെ ഇന്നത്തെ സ്ഥിതിയിൽ കഴിയാത്തതിനാൽ പരിമിതമായ ഈ സ്ഥലത്തു തന്നെ സഭാഹാൾ പണിയേണ്ടി വന്നിരിക്കുകയാണ്. രണ്ടു നിലകളിലായി പണിയുന്നതിന് ഇപ്പോൾ കൈവശമുള്ള 1,50,000 കൂടാതെ 3,50,000 ലക്ഷം രൂപ വേണ്ടിവരും. ഫെബ്. 9ന് പണികൾ ആരംഭിച്ചു. സഹകരിക്കാൻ കർത്താവു പ്രേരണ തരുന്നവർക്ക് താഴെക്കാണുന്ന വിലാസത്തിൽ സാമ്പത്തീക സഹായം അയക്കാം. Subash Oram / Anusarana Pani ഇവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടാണുള്ളത്. ഇവരിലാരുടെയെങ്കിലും പേരിലോ രണ്ടു പേരും ചേർത്തോ അയക്കാം. Joint A/c No. 8519, Indian Overseas Bank, Sambalpur Branch, Orissa 768001. ബെഥനി ബിലീവേഴ്സ് അസംബ്ലിക്കുവേണ്ടി :- അനുസരണപാണി, സുഭാഷ് ഓറം, ഡി. ജോൺസൺ, പ്രകാശ് ഗബ്രിയേൽ. വിലാസം. Anusarana Pani, Ashapally, Sambalpur, Orissa 768001. Tel 09437736561. email: panianusaran@yahoo.in.

## നിത്യതയിൽ



കോട്ടയം ബ്രദ്റൻ സഭാംഗം കൈതാത്തുശേരിൽ പോൾ തോമസ് (കെ.ഇ.എം. ഫണ്ട്, സെക്രട്ടറി). ഏപ്രിൽ 14ന് നിത്യതയിലേക്ക് പ്രവേശിച്ചു.

## പ്രയർ കലണ്ടർ ജൂൺ 2010

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേിയാണ് ഈ കലർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്വേ, എറണാകുളം 682 031.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിറ്റ് സ്തുതി:<br>5 മിനിറ്റ് നന്ദി (സ്ത്രോതം):<br>5 മിനിറ്റ് ഏററുപറച്ചിൽ:<br>20 മിനിറ്റ് വചനധ്യാനം:<br>20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിറ്റ് അപേക്ഷ: | **6** നമ്മുടെ സഭയ്ക്കു വേണ്ടി, സഭയുടെ യോഗങ്ങൾ സജീവമായി നടക്കുവാൻ, ആരാധന യോഗം, വചന ശുശ്രൂഷ, സണ്ടേസ്കൂൾ, ബൈബിൾ സ്റ്റഡി, യൂത്ത് മീറ്റിങ്ങ്, സഹോദരിമാരുടെ യോഗം, പ്രാർത്ഥനാ യോഗം, ഭവന യോഗം എന്നിവയ്ക്കായി. സഭാംഗങ്ങൾ എല്ലാവരും പങ്കെടുക്കുവാൻ. | **13** സഭയിലെ മൂപ്പന്മാർ, ശുശ്രൂഷകർ, സുവിശേഷകർ എന്നിവർക്കുവേണ്ടി. അവരുടെ കുടുംബാംഗങ്ങളെ ഓർത്ത് സഭയെ നയിക്കുവാനുള്ള കഴിവുകൾ ദൈവം നൽകേണ്ടതിന്. എല്ലാ കാര്യങ്ങൾക്കും ദൈവത്തിൽ ആശ്രയിക്കുവാൻ, അവരുടെ ആരോഗ്യത്തിനും, ഭൗതിക ആവശ്യങ്ങൾക്കും വേണ്ടി. | **20** സഭയിലെ ഓരോ അംഗത്തിന്റെയും പേരു പറഞ്ഞ്. ആത്മീകമായി എല്ലാവരും സന്തോഷവും സമാധാനവും അനുഭവിക്കുവാൻ. സഭാബന്ധത്തിൽ ദൃഢപ്പെടുവാൻ. പിൻമാറ്റത്തിൽ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഓർത്ത് പ്രത്യേകം. | **27** സഭയിലെ ഓരോരുത്തരുടെയും വിവിധ ആവശ്യങ്ങൾക്കായി. വിവാഹ പ്രായമായവർക്കു വേണ്ടി പ്രത്യേകം. ദൈവഹിതത്തിനായി തങ്ങളെ തന്നെ ഏൽപ്പിക്കുവാൻ. തക്കസമയത്ത് പങ്കാളികളെ ലഭിക്കുവാൻ. പഠിക്കുന്നവർക്കു വേണ്ടി. ജോലി ലഭിക്കേണ്ടുന്നവർക്കായി. ഈ വർഷം പുതുതായി സ്കൂളിൽ പോയി തുടങ്ങിയ കുട്ടികൾക്കായി. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **7** നമ്മുടെ രാജ്യത്തിന്റെ സമാധാനത്തിനായി. മുംബൈ ഭീകരാക്രമണകേസിന്റെ വിധിയെ തുടർന്ന് മറ്റ് അനിഷ്ട സംഭവങ്ങൾ ഒന്നും ഉണ്ടാകാതിരിക്കാൻ. വിധി പ്രഖ്യാപിച്ച ജസ്റ്റിസ് എം.എൽ. തഹിലിയാനി, സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ ഉജ്വൽ നിഗം. പ്രതിഭാഗം അഭിഭാഷകൻ കെ.പി. പവാർ എന്നിവർക്കായി. | **14** ഭരണതലത്തിലുള്ളവർക്കായി. പ്രസിഡന്റ് പ്രതിഭാ പാട്ടീൽ, പ്രധാന മന്ത്രി മൻമോഹൻസിംഗ്, വൈസ് പ്രസിഡന്റ് ഹമീദ് അൻസാരി, ലോക്സഭാ സ്പീക്കർ മീരാകുമാർ, രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ കെ. റഹ്മാൻഖാൻ യു.പി.എ. അദ്ധ്യക്ഷ സോണിയാഗാന്ധി, പ്രതിപക്ഷ നേതാവ് സുഷമ സ്വരാജ്. | **21** രാഷ്ട്രീയ നേതാക്കൾക്കായി. കോൺഗ്രസ് നേതാക്കൾ. പ്രണബ് മുഖർജി, ചിദംബരം എ.കെ. ആന്റണി, ബി.ജെ.പി. അദ്ധ്യക്ഷൻ നിതിൻ ഗഡ്കരി, എൽ.കെ. അഡ്വാനി, അരുൺ ജെയ്റ്റ്ലി, രാജ്നാഥ് സിംഗ് ശിവസേനാ നേതാവ്, ബാൽതാക്കറെ, ഉദ്ദവ് താക്കറെ, ആർ.എസ്.എസ്. നേതാവ് മോഹൻ ഭഗവത്. | **28** പുതിയ സുപ്രീം കോടതി ജഡ്ജി സരോഷ് ഹോമി കപാഡിയ. നമ്മുടെ സംസ്ഥാന മന്ത്രിമാർ, വി.എസ്. അച്ചുതാനന്ദൻ, കോടിയേരി ബാലകൃഷ്ണൻ, തോമസ് ഐസക്, എം. വിജയകുമാർ, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, കോൺഗ്രസ് നേതാവ്. രമേശ് ചെന്നിത്തല, സി.പി.എം. നേതാവ് പിണറായി വിജയൻ. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **1** രക്ഷിക്കപ്പെടാത്ത സമൂഹത്തിൽ അറിയപ്പെടുന്ന നേതാക്കൾക്കായി. ബി.ജെ.പി. നേതാക്കൾ. വി. മുരളീധരൻ, ഓ. രാജഗോപാൽ, സി. രാധാകൃഷ്ണൻ, എസ്.എൻ.ഡി.പി. നേതാക്കൾ വെള്ളാപ്പള്ളി നടേശൻ, തുഷാർ, വിദ്യസാഗർ. എൻ.എസ്.എസ്. നേതാവ്, പി.കെ. നാരായണപണിക്കർ, മുസ്ലീംലീഗ് നേതാക്കൾ പാണക്കാട് ഹൈദരാലി, കുഞ്ഞാലികുട്ടി. | **8** അതാത് സ്ഥലങ്ങളിലെ എം.പി., എം.എൽ.എ., കൗൺസിലർ, വാർഡ് മെമ്പർ, കോർപ്പറേഷൻ മേയർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ പേരുകൾ ശേഖരിച്ച്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർക്കായി, പേരുകൾ ശേഖരിച്ച്. | **15** കൂടെ പഠിക്കുന്നവർക്കു വേണ്ടി. അവരുടെ കുടുബാംഗങ്ങളെ ഓർത്ത്. (സഹപാഠികളുടെ ഭവനങ്ങൾ സന്ദർശിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടെങ്കിൽ കടന്നുപോയി സുവിശേഷം പങ്കുവെക്കുക). ജോലിസ്ഥലത്തെ സഹപ്രവർത്തകരെ ഓർത്ത്. കുടുംബമായി ഇവരുടെ ഭവനങ്ങൾ സന്ദർശിക്കുക. | **22** ദിവസവും കണ്ടുമുട്ടുന്നവർക്കായി. നിങ്ങൾ നേരത്തെ സുവിശേഷം പറഞ്ഞ് രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കു വേണ്ടി. അവരുടെ കുടുബാംഗങ്ങൾ രക്ഷിക്കപ്പെടുവാൻ. ഭവനത്തിൽ വരുന്ന യാചകർക്ക് വായിക്കുവാനറിയുമെങ്കിൽ ട്രാക്റ്റ്, ബൈബിൾ എന്നിവ നൽകുക. അവർക്കു വേണ്ടിയും പ്രാർത്ഥിക്കുക. | **29** രക്ഷിക്കപ്പെടാത്ത അയൽക്കാർക്കു വേണ്ടി. അവരെ സ്നേഹിക്കുവാനും സൗമ്യമായി ഇടപെടുവാനും. നിങ്ങളുടെ ഭവനങ്ങളിൽ പ്രത്യേക യോഗങ്ങൾ ക്രമീകരിച്ച് അവരെ ക്ഷണിക്കുക. സുവിശേഷത്തിന് എതിരായി നിൽക്കുന്ന അയൽക്കാരുണ്ടെങ്കിൽ അവരെ ഓർത്ത് പ്രത്യേകം. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **2** രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരുടെ കുടുംബാംഗങ്ങളെ ഓർത്ത് പ്രത്യേകം. ചികിത്സയ്ക്കുള്ള സാമ്പത്തീക ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ. ജെസ്സി ജോർജ്ജ് തോമസ്, പ്രീയാ മനീഷ് (ജമ്മു), ജ്യോതി ബാരിക്ക് (ബർഘണ്ട്), എലിസബത്ത് സന്തോഷ് (നെല്ലൂർ). എം.ഇ. രാജപ്പൻ (അയ്മനം) കാൻസർ, സന്തോഷം (13) (നെല്ലിക്കുന്ന് ഓർഫനേജ്) ബോൺ കാൻസർ | **9** വാർദ്ധക്യസഹചമായ രോഗങ്ങൾ അനുഭവിക്കുന്നവർക്കു വേണ്ടി (ഇങ്ങനെയുള്ളവരെ സന്ദർശിക്കുവാൻ സമയം കണ്ടെത്തുക). കെ.പി.സാമുവൽ (തൃശ്ശൂർ), വി. കുര്യക്കോസ് (കുന്നുകുരുടി), ഇ.വി. വർഗ്ഗീസ് (അങ്കമാലി), ഫിലിപ്പ് എബ്രഹാം (കല്ലിശ്ശേരി) വി.പി.ജേക്കബ് (തിരുവനന്തപുരം) റ്റി.ഇ. ഈശോ (ചെന്നൈ). സുവി. ജോസഫ് എം. പീറ്ററിന്റെ മകൾ പെർസിസ് (3½) | **16** നേരത്തെ പ്രാർത്ഥിച്ച ചിലർക്ക് ദൈവം കൊടുത്ത വിടുതലിനായി സ്തോത്രം ചെയ്യാം. ക്യാൻസർ ബാധിരായവരെ ഓർത്ത്. ഡോ. മോളി മദൻ പോൾ (ലുധിയാന), എം.ജെ. പത്രോസ് (ക്രാരിയേലി) അനിയൻ കുഞ്ഞ് (പള്ളിക്കുത്ത്) ഗ്രേസ് പ്രമോദ് പോൾ (ചത്തീസ്ഗഡ്) കുഞ്ഞമ്മ ബാബു, ചിന്നു ചെറിയാൻ, തങ്കമ്മ ചാക്കോ. റ്റി.കെ. പീറ്റർ (ചീരാൽ), അമൽ രാജ് (നിലക്കോട്ട) | **23** കിഡ്നി സംബന്ധ രോഗത്താൽ ഭാരപ്പെടുന്നവർ ലിജു ഫിലിപ്പ് (മുംബൈ), സുവി. ലിയോ പോൾ (ഇരിങ്ങാലകുട), കെന്നത്ത് 3 വയസ്സ് (ഫരീദാബാദ്), സബിത മണ്ടൽ (വെസ്റ്റ് ബംഗാൾ), അലങ്കാർസാമി (തമിഴ്നാട്), എലിസബത്ത് സന്തോഷ് (നെല്ലൂർ), ജെസ്സി ജോസഫ് (ഗോവ), ഷീബ രാജു (രാജസ്ഥാൻ). ജോമോൻ താളിക്കുണ്ട് മരത്തിൽ നിന്ന് വാണ് 7 വർഷമായി വീൽച്ചെയറിൽ. | **30** ക്യാൻസർ രോഗികൾ – റീനാ ആന്റോ (7), മോസസ് നന്ദ (3), ലിസി വർഗ്ഗീസ് (കോട്ടയം), സന്തോഷം(10), ക്യാൻസർ രോഗ ബാധിതരായവരുടെ ലിസ്റ്റ് തയ്യാറാക്കി പ്രാർത്ഥിക്കുക. ഈ നാളുകളിൽ കുഞ്ഞുങ്ങളിലും അനേകർക്ക് ക്യാൻസർ രോഗം കണ്ടുവരുന്നു. എം.എം. കുരിയാക്കോസ്, ഭാര്യ അന്നമ്മ (പട്ടിക്കാട്), ആൽവിൻ സൈമൺ മാത്യു. |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **3** സുവിശേഷ പ്രവർത്തകർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ, അവരുടെ സുരക്ഷിതത്വത്തിനായി പ്രത്യേകം. (ഭിലായി, പാലക്കാട്, പെരുമ്പാവൂർ സംഭവങ്ങൾ. ഒന്നാം പേജ് കാണുക). ബീഹാറിൽ കൊല്ലപ്പെട്ട രവിമുർമുവിന്റെ കുടുംബാംഗങ്ങളെ ഓർത്ത്. ബീഹാറിൽ നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കായി. | **10** വൈ. എം. ഇ. എഫ്. നോർത്ത്, സൗത്ത് ഡിവിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി. ഈറോഡ് കാമ്പയിനിന് ചില തടസങ്ങൾ. നിർത്തിവെച്ചിരിക്കുന്ന കർണ്ണാടക കാമ്പയിൻ വീണ്ടും ആരംഭിക്കുവാൻ. കർണ്ണാടക ഭരണകൂടത്തിനു വേണ്ടി. ഉത്തരേന്ത്യൻ കാമ്പയിൻ – അടുത്ത സംസ്ഥാനം ഹിമാചൽ പ്രദേശ്. | **17** ഭാരതത്തിലെ സുവിശേഷകരെയും കുടുംബാംഗങ്ങളെയും ഓർത്ത് (പ്രയർ ഹാൻഡ് ബുക്ക് ഉണ്ടെങ്കിൽ അതിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുക) ഉത്തരേന്ത്യയിൽ സുവിശേഷകന്മാർ ചേർന്നുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായി. | **24** ഭാരതത്തിൽ 200–ൽ പരം ഭാഷകളിൽ വേദ പുസ്തകം പരിഭാഷപ്പെടുത്തേണ്ടതായുണ്ട്. അതിൽ പകുതിയോളം ഭാഷകളിൽ പരിഭാഷ പ്രവർത്തനങ്ങൾ നടക്കുന്നു. ബാക്കിവരുന്ന ഭാഷകളിലെ പരിഭാഷകൾക്കായി. നമ്മുടെ മദ്ധ്യത്തിൽനിന്ന് പരിഭാഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി. |  |
| **വെള്ളി** ലോക രാജ്യങ്ങൾ | **4** യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾക്കു വേണ്ടി. ബ്രിട്ടണിൽ പുതിയ ഭരണകൂടം, ഇംഗ്ലണ്ട്, ഫ്രാൻസ്, പോർച്ചുഗൽ ക്രിസ്ത്യാനികൾ ഏറെയുണ്ടെങ്കിലും ക്രൈസ്തവ മൂല്യങ്ങൾ ഒന്നും ഇല്ലാത്ത ജനത. ഇറ്റലി, റോം എന്നീ രാജ്യങ്ങൾക്കും ഭരണകർത്താക്കൾക്കുമായി. | **11** ആഫ്രിക്കൻ രാജ്യങ്ങൾക്കായി. 58 രാജ്യങ്ങളുള്ള ഭൂഖണ്ഡം. ഭൂരിഭാഗം രാജ്യങ്ങളും ദരിദ്രരാജ്യങ്ങളാണ്. ലോകത്തിൽ പോഷകാഹാരകുറവു കൊണ്ട് ഏറ്റവും കൂടുതൽ കുട്ടികൾ മരിക്കുന്നത് ആഫ്രിക്കൻ രാജ്യങ്ങളിലാണ്. ആഫ്രിക്കൻ രാജ്യങ്ങളിലെ ആകെ കണക്കനുസരിച്ച് 14.8 ശതമാനമാണ് സുവിശേഷീകരിക്കപ്പെട്ടത്. | **18** ഭാരതത്തിന്റെ അയൽ രാജ്യങ്ങളായ ചൈന, പാക്കിസ്ഥാൻ, ഭൂട്ടാൻ, നേപ്പാൾ, മ്യാൻമാർ, മാലി, ബംഗ്ലാദേശ് എന്നിവയ്ക്കു വേണ്ടി. ഈ രാജ്യങ്ങളിലെ ഭരണ കർത്താക്കൾക്കായി. ഈ രാജ്യങ്ങളിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി. മ്യാൻമാറിൽ അനേകർ വിശ്വാസത്തിലേക്ക് വന്നു കൊണ്ടിരിക്കുന്നു. | **25** അമേരിക്കൻ ഐക്യ രാജ്യങ്ങൾക്കായി. പ്രസിഡന്റ് ബറാക്ക് ഒബാമയെ ഓർത്ത് പ്രത്യേകം. കഴിഞ്ഞവർഷം ഉണ്ടായ സാമ്പത്തീക മാന്ദ്യത്താൽ അമേരിക്ക അടക്കമുള്ള സമ്പന്ന രാജ്യങ്ങൾ കടുത്ത പ്രതിസന്ധിയിലൂടെ കടന്നു പോയി. അവിടെയുള്ളവർ ശരിയായ രീതിയിൽ ദൈവ വഴിയിലേക്ക് തിരിഞ്ഞു വരുവാൻ പ്രത്യേകം പ്രാർത്ഥിക്കുക. | |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **5** കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്കായി സ്കൂളിലും കോളേജുകളിലും പ്രവർത്തിക്കുന്ന സംഘടനകളെയും, വ്യക്തികളെയും ഓർത്ത്. ഇ.യു., ക്യാമ്പസ് ഫോർ ക്രൈസ്റ്റ് ചൈൽഡ് ഇവാൻഞ്ചലിസം ഫെലോഷിപ്പ്, സി.ഇ.എം. ബാലസംഘം സി.ഫോർ.ജി. എന്നീ സംഘടനകളെ ഓർത്ത്. 5 ഡേ വി.ബി.എസ് പ്രവർത്തനങ്ങൾക്കുവേണ്ടി. | **12** ആതുരസേവന രംഗത്ത് പ്രവർത്തിക്കുന്നവർക്കായി. സങ്കേശ്വർ, നരസപ്പൂർ, അംബാജിപേട്ട, തിരുവല്ല മെഡിക്കൽ മിഷൻ, മന്ദമരുതി, വാഴൂർ ആശുപത്രികൾക്കായി. റ്റി.എം.എം. നേഴ്സിംങ്ങ് സ്കൂൾ, കോളേജ്, ലുധിയാന, വെല്ലൂർ മെഡിക്കൽ കോളേജുകൾ എന്നിവയെ ഓർത്ത് പ്രത്യേകം. പക്കാഞ്ചോർ ആശുപത്രി പുനരുദ്ധീകരണത്തിനായി. | **19** സുവിശേഷകന്മാർക്ക് ധനസഹായം നൽകുന്ന ഫണ്ടുകൾക്കായി, കെ.ഇ.എം., ഐ.ഇ.റ്റി., ജി.ജി.എഫ് എന്നിവയ്ക്കായി. ഇതിന്റെയെല്ലാം ചുമതല വഹിക്കുന്ന സഹോദരന്മാരെ ഓർത്ത് പ്രത്യേകം. വിവിധ സ്കൂളുകൾക്കായി, നോയൽ മെമ്മോറിയൽ, കുമ്പനാട് ബ്രദ്റൻ, ബാംഗ്ലൂർ ക്ലാരൻസ്, ഊട്ടി ഹെബ്രോൺ, തൃശൂർ റഹ്ബോത്ത് ജീവൻ ജ്യോതി ഈർപ്പനാർ. | **26** ബൈബിൾ കോളേജുകൾക്കായി. ബി.ബി.ഐ. (പത്തനംതിട്ട) രഹബോത്ത് (തൃശൂർ) സത്യം ബൈബിൾ സ്കൂൾ (കട്ടപ്പന) എസ്. ബി. സി. (ചെന്നൈ) കുമ്പനാട് ബൈബിൾ സ്കൂൾ, വിനാഗൽ (തൃശൂർ). രോഗികൾക്ക് താമസം സൗകര്യം നൽകുന്ന ആർദ്രം (തിരുവനന്തപുരം) മേഴ്സി ഹോം (വെല്ലൂർ) എന്നിവയ്ക്കായി. | |

Printed, published and ownered by Tenson Joseph and Printed at Thomson Press, Karimpatta Rd, Pallimukku, Cochin 682016 and published at: Galeed, South Chittoor, Cochin-27. Editor : Thomas Mathew
Type Setting & Layout : Design Enroute, Ekm,